പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2737 10.12.2014 - ൽ മറുപടിയ്ക്ക്

**മുല്ലപ്പെരിയാർ അണക്കെട്ട് പ്രശ്നം**

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| **ശ്രീ. കെ. വി. വിജയദാസ്** | | **ശ്രീ. പി. ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പ്രശ്നം കേരളത്തിന് അനുകൂലമായി മാറ്റുന്നതിൽ ഗുരുതരമായ വീഴ്ച ഈ സർക്കാരിന് സംഭവിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ;<br><br>(ബി) 142 അടിയിൽ താഴെ ജലം ശേഖരിക്കുന്നതിലും പുതിയ ഡാം കെട്ടുന്ന കാര്യത്തിലും വീഴ്ച പറ്റിയിട്ടുണ്ടോ; | (എ) യും (ബി) യും | മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീം കോടതി 07.05.2014-ൽ പുറപ്പെടുവിച്ച വിധിന്യായം കേരളത്തിന് അനുകൂലമായിരുന്നില്ല. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാട് ഉയർത്തിയ അവകാശവാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് കേരളം നിയോഗിച്ച പ്രഗത്ഭരായ അഭിഭാഷകർ കേസ് വാദിക്കുകയും കേരളത്തിന്റെ വാദങ്ങൾക്ക് ഉപോൽബലകമായ വസ്തുതകളും രേഖകളും ബഹു.കോടതിയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് ഉചിതമായ നടപടികൾ യഥാസമയം സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളത്തിന്റെ പരിഗണനാർഹവും നീതിയുക്തവുമായ വാദങ്ങൾ ഒന്നും തന്നെ സ്വീകരിക്കാതെ കേരളത്തിന്റെ ആവശ്യങ്ങൾ 07.05.2014-ലെ കോടതി വിധിയിലൂടെ നിരാകരിക്കപ്പെട്ടു. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിന്റെ നിലപാടുകൾ ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് സാദ്ധ്യമായ |

എല്ലാ നടപടികളും യഥാസമയം സ്വീകരിച്ചുവെങ്കിലും കേരളത്തിന്റെ പരിശ്രമങ്ങൾക്ക് ഫലമുണ്ടായില്ല. ഈ സ്ഥിതിവിശേഷം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് 12.05.2014-ൽ തന്നെ സർവ്വകക്ഷിയോഗം വിളിച്ചു ചേർത്തതും പ്രസ്തുത യോഗത്തിൽ ധാരണയായതനുസരിച്ച് 07.05.2014-ലെ കോടതി വിധിക്കെതിരെ റിവ്യൂ ഹർജി ഫയൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയുമുണ്ടായത്. 07.05.2014-ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഡാമിലെ ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്താൻ തമിഴ്നാടിന് അനുവാദം ലഭിച്ചിട്ടുണ്ട്. എങ്കിലും ജലനിരപ്പ് 136 അടിയിൽ നിന്നും 142 അടിയിലേക്ക് ഉയർത്തുന്നതിന് മുൻപ് ഇക്കാര്യത്തിൽ കേരള ജനതയ്ക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് തമിഴ്നാടിനോടും സുപ്രീം കോടതി നിയോഗിച്ച മേൽനോട്ടസമിതിയുടെ ചെയർമാനോടും അഭ്യർത്ഥിച്ചിരുന്നു. ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളും അറിയിച്ചിരുന്നു. എന്നാൽ അവയൊന്നും പരിഗണിക്കാതെ കോടതി വിധിയെ മാത്രം അടിസ്ഥാനപ്പെടുത്തി ജലനിരപ്പ് ഉയർത്തുന്നതിനുള്ള നടപടികൾ തമിഴ്നാട് സ്വീകരിക്കുകയുണ്ടായി.

(സി) തമിഴ്നാടിന് വെള്ളം കേരളത്തിന് സുരക്ഷ എന്ന നിലപാട് നേടിയെടുക്കാൻ ഈ സർക്കാരിന്റെ കാലയളവിൽ കഴിയുമെന്ന് കരുതുന്നുണ്ടോ; ആവശ്യങ്ങൾ നേടിയെടുക്കാൻ കർമ്മ പദ്ധതി സർക്കാരിനുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(സി) ''തമിഴ്നാടിന് ജലവും കേരളത്തിലെ ജനങ്ങളുടെ സുരക്ഷയും'' എന്ന നിലപാടിൽ ഉറച്ച് നിന്നുകൊണ്ട് ഇനിയും ചെയ്യാൻ കഴിയുന്ന നിയമപരമായ നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ബഹു. പ്രധാനമന്ത്രിയുടേയും ബഹു. രാഷ്ട്രപതിയുടേയും ഇടപെടലുകളിലൂടെ പ്രശ്നപരിഹാരത്തിനായി എന്തൊക്കെ ചെയ്യാൻ

കഴിയുമെന്ന് നിയമവിദഗ്ധരുമായി കൂടിയാലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്ന മാർഗ്ഗങ്ങളും ആലോചനയിലുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ കേരള ജനതയ്ക്കുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനായി കേരളത്തിന് അനുകൂലമായ തീരുമാനമുണ്ടാകുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സമയ ബന്ധിതമായി സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്. 26.11.2014-ൽ വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗത്തിലും ഇക്കാര്യം വിശദമായി ചർച്ച ചെയ്തിരുന്നു.

അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലുമുള്ള വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു വിദഗ്ധസംഘത്തെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ 26.11.2014-ലെ യോഗത്തിൽ ധാരണയായിട്ടുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുമ്പോൾ കേരളത്തിലെ വനസമ്പത്തിനും, വന്യജീവികൾക്കും, പരിസ്ഥിതിക്കും; മുല്ലപ്പെരിയാർ മേഖലയിലെ ആദിവാസി സമൂഹത്തിനും ഉണ്ടാകുന്ന കോട്ടങ്ങൾ ചൂണ്ടിക്കാട്ടി ഗ്രീൻ ട്രൈബ്യൂണലിനെ പ്രത്യേകം സമീപിക്കുന്ന കാര്യവും സർക്കാർ പരിശോധിക്കുന്നുണ്ട്. അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് വിദഗ്ധസംഘത്തെ നിയോഗിക്കുന്ന കാര്യം ബഹു. പ്രധാനമന്ത്രിയുമായി കൂടിയാലോചിച്ച് തുടർ നടപടികൾ കഴിവതും വേഗം സ്വീകരിക്കാനും ഉദ്ദേശിക്കുന്നു. ഇതിനായി ബഹു. മുഖ്യമന്ത്രിയും ബഹു. പ്രതിപക്ഷ നേതാവും, ബഹു. ജലവിഭവ വകുപ്പ് മന്ത്രിയും അടങ്ങുന്ന സംഘം ബഹു. പ്രധാനമന്ത്രിയുമായി ഇക്കാര്യം കഴിവതും വേഗം

ചർച്ച ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കാൻ ധാരണയായിട്ടുണ്ട്. 26.11.2014-ലെ സർവ്വകക്ഷി യോഗത്തിലെ ധാരണയുടെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ വിഷയത്തിലുള്ള സർക്കാരിന്റെ നിലപാട് ഫലപ്രാപ്തിയിലെത്തിക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും സമയബന്ധിതമായി സ്വീകരിക്കാനാണുദ്ദേശിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**